"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - OA No. 1188/2025 കേസിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണലിന്റെ 10.07.25 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യു.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2208/2025/LSGD തീയതി,തിരുവനന്തപുരം, 15-09-2025

---

പരാമർശം:-

1. പ്രിൻസിപ്പൽ ഡയറക്ടറുടെ 11/01/2025 ലെ LSGD/PD/46548/2023/DEA4 നമ്പർ നടപടിക്രമം
2. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ പ്രദീപ് കുമാർ സി സമർപ്പിച്ചതായ 29.6.2025 തീയതിയിലെ അപ്പീൽ(A10)
3. OA No.1188/2025 കേസിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണലിന്റെ 10.07.25 ലെ വിധിന്യായം
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 5.9.2025 തീയതിയിലെ LSGD/PD/26946/2025-DEA4 നമ്പർ കത്ത്.

**ഉത്തരവ്**

പ്രിൻസിപ്പൽ ഡയറക്ടർ പുറപ്പെടുവിച്ച 2025 ലെ പൊതു സ്ഥലം മാറ്റ ഉത്തരവിനെതിരെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ പ്രദീപ് കുമാർ സി ഫയൽ ചെയ്ത OA No. 1188/2025-യുടെ 10.07.25 ലെ വിധിന്യായത്തിൽ ഉത്തരവ് ലഭിച്ച തീയതി മുതൽ 6 ആഴ്ചയ്ക്കുള്ളിൽ അനുബന്ധം എ 10 പരിഗണിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാൻ ഒന്നാം എതിർകക്ഷിയായ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയോട് ബഹുമാനപ്പെട്ട ട്രിബ്യൂണൽ നിർദ്ദേശിക്കുകയുണ്ടായി.

തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം കോർപ്പറേഷനിലെ ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന പ്രദീപ് കുമാർ.സി (PEN:347621) യെ പരാമർശം 1 പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ അനുവദിച്ച് ഇടുക്കി ജില്ലയിലെ മറയൂർ ഗ്രാമ പഞ്ചായത്തിൽ നിയമിച്ചിരുന്നു. ഇടുക്കി ജില്ലയിലെ മറയൂർ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ പ്രദീപ് കുമാർ.സി, 15-01-2025 തിയതിയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതാണ്. 2025 ലെ പൊതു സ്ഥലം മാറ്റത്തിനായി തിരുവനന്തപുരം ജില്ലയിൽ 11 സ്റ്റേഷനുകളിൽ ഓൺലൈൻ ആയി ടിയാൻ അപേക്ഷ സമർപ്പിച്ചിരുന്നു, കൂടാതെ 2025 ലെ പൊതു സ്ഥലം മാറ്റത്തിനായി അപേക്ഷ സമർപ്പിച്ച സ്റ്റേഷനുകളിൽ എവിടെയെങ്കിലും സ്ഥലം മാറ്റം ലഭിക്കുന്നതിനായി ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യുണൽ മുൻപാകെ ടിയാൻ OA-1188/2025 നമ്പർ കേസ് ഫയൽ ചെയ്യുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2025 ലെ പൊതു സ്ഥലം മാറ്റത്തിൽ അർഹരായ ജീവനക്കാർക്ക് സ്ഥലം മാറ്റം നൽകുന്നതിലേക്കായി പുന:പരിശോധിക്കുന്നതായിരിക്കുമെന്നും പുന:പരിശോധനയുടെ ഭാഗമായി മറ്റൊരു തദ്ദേശ

സ്ഥാപനങ്ങളിലേയ്ക്ക് /ഓഫീസിലേയ്ക്ക് ടിയാളുകളെ സ്ഥലം മാറ്റേണ്ടതായി കാണുന്ന പക്ഷം നിലവിൽ നിയമനം നൽകുന്ന തദ്ദേശ സ്ഥാപനങ്ങളിൽ/ ഓഫീസുകളിൽ തുടരുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല എന്നും കൂടാതെ ഇത്തരത്തിൽ പുന:പരിശോധനയുടെ ഭാഗമായി സ്ഥലം മാറ്റപ്പെടുന്ന ജീവനക്കാരുടെ അതേ തദ്ദേശ സ്ഥാപനങ്ങളിൽ/ഓഫീസുകളിൽ തുടരുന്നതിനുള്ള അപേക്ഷകളും അവകാശ വാദങ്ങളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല എന്നും ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകിയ പരാമർശം 1 ഉത്തരവിൽ വ്യക്തമാക്കിയിരുന്നു.

സ.ഉ.(കൈ) നം.46/2024/LSGD സർക്കാർ ഉത്തരവിലെ ഖണ്ഡിക 3 ലെ (സി) പ്രകാരം ജില്ലയ്ക്ക് പുറത്ത് നിന്നും ഹോം ജില്ലയിലേക്കുള്ള സ്ഥലം മാറ്റത്തിന് ഔട്ട് സ്റ്റേഷൻ സീനിയോരിറ്റിയും ഹോം ജില്ലയിൽ നിന്നും പുറത്തേയ്ക്ക് സ്ഥലംമാറ്റുന്നതിനു ഇൻ സ്റ്റേഷൻ സീനിയോരിറ്റിയും ജില്ലാന്തര സ്ഥലം മാറ്റത്തിനും ജില്ലയക്കകത്തെ സ്ഥലം മാറ്റത്തിനും സ്റ്റേഷൻ സീനിയോരിറ്റിയുമാണ് കണക്കിലെടുക്കുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2025 ലെ പൊതു സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ചിട്ടുള്ള അന്തിമ സ്ഥലം മാറ്റ ക്യൂ ലിസ്റ്റിൽ ശ്രീ.പ്രദീപ് കുമാർ.സി Final Queue List of applicants working outside district Junior Compulsory ഗണത്തിൽ 6 -ാമതായി ഉൾപ്പെട്ടിട്ടുള്ളതാണ് . അസിസ്റ്റന്റ് എഞ്ചിനീയർ പ്രദീപ് കുമാർ.സി യുടെ ഹോം ജില്ല തിരുവനന്തപുരം ആയതിനാൽ ടിയാൻ സ്ഥലം മാറ്റം ആവശ്യപ്പെട്ടിട്ടുള്ള തിരുവനന്തപുരം ജില്ലയിലേയിലെയ്ക്ക് സ്ഥലം മാറ്റം അനുവദിക്കുന്നതിന് ഔട്ട് സ്റ്റേഷൻ സീനിയോരിറ്റി ആണ് പരിഗണിക്കുന്നത്. നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയർ പ്രദീപ് കുമാർ.സി യുടെ Total Eligible Out Station Seniority Period 0 Years 2 months 19 days (Total days - 80). പ്രദീപ് കുമാർ .സി യുടെ ഹോം ജില്ല തിരുവനന്തപുരം ആയതിനാൽ ടിയാളുടെ ഔട്ട് സ്റ്റേഷൻ സീനിയോരിറ്റിയെക്കാൾ കുറവുള്ള ആർക്കും തന്നെ ടിയാൻ ഒപ്റ്റ് ചെയ്ത സ്റ്റേഷനുകളിൽ സ്ഥലം മാറ്റം അനുവദിച്ചിട്ടില്ല .

മേൽ സാഹചര്യത്തിൽ പ്രദീപ്കുമാർ.സി സമർപ്പിച്ച Annexure A10 അപ്പീൽ അപേക്ഷയിലെ ആവശ്യം പരിഗണനാർഹാമല്ലാത്തതിനാൽ ആയത് നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. OA നമ്പർ 1188/2025 കേസിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണലിന്റെ പരാമർശം 3 വിധിന്യായം ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLEY
അണ്ടർ സെക്രട്ടറി

പ്രദീപ് കുമാർ.സി (PEN:347621), അസിസ്റ്റന്റ് എഞ്ചിനീയർ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
അഡ്വക്കേറ്റ് ജനറൽ കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (EWB2/168/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
സെക്ഷൻ ഓഫീസർ
Date: 15-09-2025 17:27:07